# ആരോഗ്യവകുപ്പ് കാര്യാലയത്തിലെ

# അഡീഷണൽ ഡയറക്ടർ (A & T) യുടെ നടപടിക്രമം

വിഷയം : ആ.വ.ഡ - ജീവനക്കാര്യം – ശ്രീ. ബാബു. കെ, ജെ. എച്ച്. ഐ ഗ്രേഡ് – 2, എഫ്. എച്ച്. സി, വോർക്കാടി, കാസർകോഡ്, ശ്രീ. തോമസ്. പി. എം, ജെ. എച്ച്. ഐ ഗ്രേഡ് - 1, സാമൂഹികാരോഗ്യ കേന്ദ്രം, മുളിയാർ സീനിയോറിറ്റി പട്ടികയിലെ സ്ഥാനം താൽക്കാലികമായി പുനഃക്രമീകരിച്ച നടപടി അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1. ഉത്തരവ് നം. ഉ. എസ്1- 20074/2010/ആ.വ.ഡ, തീയതി. 27.04.2013

2. ശ്രീ. ബാബു. കെ, ജെ. എച്ച്. ഐ ഗ്രേഡ് -2 ന്റെ 27.11.2021 ലെ അപേക്ഷ

3. ശ്രീ. തോമസ്. പി. എം, ജെ. എച്ച്. ഐ ഗ്രേഡ് – 1 ന്റെ 14.02.2022 ലെ അപേക്ഷ

4. കത്ത് നം-481/2021/മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, മുളിയാർ, തീയതി. 15.02.2022

5. കുറിപ്പ് നം. ഇ.ജി2-40/2016/ആ.വ.ഡ, തീയതി. 28.02.2022

6. 16.03.2022 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

## ഉത്തരവ് നം. ഇ.എസ്1/16791/2022/ആ.വ.ഡ/തീയതി : 29/04/2022

മലപ്പുറം ജില്ലാ കെ. പി. എസ്. സി. യുടെ 03.09.2002 ലെ എം. ആർ(1) നം. 222/2000 നിയമന ശുപാർശ പ്രകാരം മലപ്പുറം ജില്ലയിൽ ജെ. എച്ച്. ഐ ഗ്രേഡ് -2 തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. തോമസ്. പി. എം ന് നിയമന ശുപാർശ തീയതിയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ജെ. എച്ച്. ഐ ഗ്രേഡ് -2 തസ്തികയിലെ ജീവനക്കാരുടെ 01.04.2000 മുതൽ 31.10.2007 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം. 473 ആയി സ്ഥാനം നൽകിയിരുന്നു. ടിയാൻ ജെ. എച്ച്. ഐ ഗ്രേഡ്-2 തസ്തികയിൽ തന്നെ അന്തർജില്ലാ സ്ഥലംമാറ്റം വഴി മലപ്പുറം ജില്ലയിൽ നിന്ന് കാസർകോഡ് ജില്ലയിലേക്ക് 17.06.2003 ൽ ജോലിയിൽ പ്രവേശിച്ചതായി പരാമർശം (4) പ്രകാരം അറിയിച്ചിരിക്കുന്നു. അന്തർജില്ലാ സ്ഥലംമാറ്റം വഴി കാസർകോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അതായത് 17.06.2003 മാത്രമാണ് ജെ. എച്ച്. ഐ ഗ്രേഡ്-2 തസ്തികയിലെ സീനിയോറിറ്റിക്ക് പരിഗണിക്കുക. ആയതിനാൽ ടിയാന്റെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിലുള്ള നിലവിലുള്ള റാങ്ക് നം. 473 ൽ നിന്ന് കാസർകോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 17.06.2003 കണക്കാക്കി റാങ്ക് നം. 964 എ ആയി പുനഃക്രമീകരിക്കാൻ (ശ്രീ. സഞ്ജയ് കബീറിനും, റാങ്ക് നം. 964 നും ശ്രീ. ജോസ്. കെ. ഒ, റാങ്ക് നം. 965 നും മധ്യേ)താത്ക്കാലികമായി തീരുമാനിച്ച് പരാമർശം (6) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു.

ആയതിന്മേൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ. തോമസ്. പി. എം. നെ ശ്രീ. സഞ്ജയ് കബീറിനും, റാങ്ക് നം. 964 നും ശ്രീ. ജോസ്. കെ. ഒ, റാങ്ക് നം. 965 നും മധ്യേ റാങ്ക് നം 964 A എന്ന സ്ഥാനം നൽകി 01.04.2000 മുതൽ 31.10.2007 വരെയുള്ള ജെ. എച്ച്. ഐ ഗ്രേഡ് -2 ന്റെ പരാർമശം (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ താൽക്കാലികമായി പരാർമശം (6) പ്രകാരം പുനഃക്രമീകരിച്ച നടപടി സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | നിയമന ശുപാർശ നമ്പറും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച് പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി | നിലവിലുള്ള റാങ്ക് നമ്പർ | പുനഃക്രമീകരിച്ച റാങ്ക് നമ്പർ |
|---|---|---|---|---|---|---|---|
| 1 | തോമസ്. പി. എം | 23.05.1970 | MR(1)222/2000/ KPSC,MLPM,Dt: 03.09.2002 | 04.12.2002 | 17.06.2003 (കാസർകോഡ് ജില്ല) | 476 | 964 A |

മലപ്പുറം ജില്ലാ കെ. പി. എസ്. സി. യുടെ 30.04.2005 ലെ എം. ആർ(1) നം. 222/2000 നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ ജെ. എച്ച്. ഐ ഗ്രേഡ് – 2 തസ്തികയിൽ നിയമനം ലഭിച്ച കെ. ബാബുവിന് നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം. 1699 ആയി സ്ഥാനം നൽകിയിരുന്നു. എന്നാൽ ടിയാൻ ജെ. എച്ച്. ഐ ഗ്രേഡ് -2 തസ്തികയിൽ ജോലിയിലിരിക്കെ തന്നെ അന്തർജില്ലാ സ്ഥലംമാറ്റം വഴി മലപ്പുറം ജില്ലയിൽ നിന്ന് കാസർകോഡ് ജില്ലയിലേക്ക് 28.09.2011 ൽ ജോലിയിൽ പ്രവേശിച്ചിരുന്നു. അന്തർജില്ലാ സ്ഥലംമാറ്റം വഴി കാസർകോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 28.09.2011 അടിസ്ഥാനമാക്കിയാണ് ടിയാനെ സീനിയോറിറ്റിക്ക് പരിഗണിക്കുക. ആയതിനാൽ പരാർമശം (1) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിലെ ടിയാന്റെ റാങ്ക് നമ്പർ 1699 സ്ഥാനം റദ്ദ് ചെയ്യാൻ പരാമർശം (6) പ്രകാരം താൽക്കാലികമായി തീരുമാനിച്ചിരുന്നു.

ആയതിന്മേൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച് ജെ. എച്ച്. ഐ ഗ്രേഡ് – 2 ന്റെ 01.04.2000 മുതൽ 31.10.2007 വരെയുള്ള സീനിയോറിറ്റി പട്ടികയിലെ ശ്രീ. ബാബുവിന്റെ റാങ്ക് നമ്പർ 1699 റദ്ദ് ചെയ്ത പരാമർശം(6) പ്രകാരമുള്ള താൽക്കാലിക നടപടി സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം(1) ലെ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്/-

ഡോ. റീന. കെ. ജെ

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

പകർപ്പ്

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കാസർകോഡ്
   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. സീനിയർ സൂപ്രണ്ട്, ഇ. ജി. സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്